09
2021
സെപ്റ്റംബർ
വ്യാഴം
1197
ചിങ്ങം 24

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 147 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-147 പേജ് 4. വില 2.00 രൂപ




02 പൊതുജനപങ്കാളിത്തം ഇന്ത്യയുടെ ദേശീയ സ്വഭാവഗുണമായി മാറുന്നു: പ്രധാനമന്ത്രി

03 റവന്യൂ വകുപ്പിലെ ഡിജിറ്റൽ സേവനങ്ങൾക്ക് ഇന്ന് തുടക്കം; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

04 ട്രെയിൻ സമയത്ത് വന്നില്ലെങ്കിൽ യാത്രക്കാരന് നഷ്ടപരിഹാരം നൽകണമെന്ന് സുപ്രീംകോടതി

# വിദ്യാർഥികൾക്ക് വാക്സിനേഷന് സൗകര്യമൊരുക്കും: മന്ത്രി

തിരുവനന്തപുരം: അവസാന വർഷ ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്ക് കോളജുകൾ തുറക്കുന്നതിനാൽ അവർക്ക് കോവിഡ് വാക്സിനേഷന് സൗകര്യമൊരുക്കുമെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്. കോളജുകളിലെത്തുന്നതിന് മുൻപായി എല്ലാ വിദ്യാർഥികളും കോവിഡ് വാക്സിൻ ഒരു ഡോസെങ്കിലും എടുക്കേണ്ടതാണെന്നും മന്ത്രി പറഞ്ഞു. രണ്ടാമത്തെ ഡോസ് സ്വീകരിക്കുവാൻ കാലാവധി ആയിട്ടുള്ളവർ രണ്ടാമത്തെ ഡോസ് വാക്സിനും സ്വീകരിക്കേണ്ടതാണ്. വിദ്യാർഥികൾക്ക് വാക്സിൻ ലഭിക്കുന്നതിനായി തൊട്ടടുത്തുള്ള ആരോഗ്യ പ്രവർത്തകരുമായോ ആശ പ്രവർത്തകരുമായോ ബന്ധപ്പെണമെന്നും മന്ത്രി വ്യക്തമാക്കി.



സർക്കാർ വാക്സിനേഷൻ കേന്ദ്രങ്ങളിൽ നിന്നും വാക്സിൻ സൗജന്യമായി ലഭ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിൽ നിന്നും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കോവിഡ് വാക്സിൻ ലഭിക്കുന്നതാണ്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന രണ്ട് വാക്സിനുകളായ കോവിഷീൽഡും കോവാക്സിനും കോവിഡിനെ പ്രതിരോധിക്കാൻ ഒരു പോലെ സുരക്ഷിതവും ഫലപ്രദവുമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## കുട്ടിയായിരിക്കാനുള്ള മോഹം...വെറും മോഹം മാത്രം




കുട്ടികളായി നിൽക്കാനാണ് ആഗ്രഹം.പ്രായമായാൽ മുടി കൊഴിയും,കഷണ്ടി വരും,തൊലി ചുളിയും.....ഞാൻ ഭാവിയുള്ള ഒരു കുട്ടിയാണ്... എന്നു പറയാനാണ് എല്ലാവരുടെയും താല്പര്യം.

എനിക്കൊരു സുഹൃത്തുണ്ട്.മകൻ വലുതാകുന്നതിനോട് അദ്ദേഹത്തിന് താല്പര്യമില്ല.മകനെ കുട്ടിയായി നിലനിർത്താനുള്ള വല്ല ഹോർമോണും എവിടെയെങ്കിലും കിട്ടുമോ എന്ന് സുഹൃത്ത് ആരാഞ്ഞു.ഞാൻ മരുന്ന് ഉപദേശിച്ചുമില്ല.ബോൺസായികളിൽ എനിക്കു താൽപര്യമില്ലാത്തതു തന്നെ കാരണം. ആ കുട്ടി വളർന്നു വലുതായി.അച്ഛനേക്കാൾ വലുതായി. ..അമ്മ എനിക്ക് കാച്ചിയ പാൽ തരും. അതു കുടിക്കാഞ്ഞാൽ അമ്മ കരയും.കാരണം ഞാൻ അച്ഛനെക്കാൾ വലുതാകണം... എന്നല്ലേ കേരള പാഠാവലി ഒന്നാം പാഠപുസ്തകം നമ്മെ പഠിപ്പിച്ചത്.ഏതായലും മകൻ വലുതാകേണ്ടന്ന് ഹൃദയപൂർവ്വം ആഗ്രഹിച്ച ആ സുഹൃത്ത് മകന്റെ പേരിൽ കുട്ടി ചേർത്തില്ല.ചേർക്കാൻ നല്ല വകുപ്പുള്ള പേരായിട്ടും.

മലയാളികൾക്ക് എന്നും കുട്ടിയായി തുടരാനാണ് താൽപര്യം.കുട്ടിയാകുമ്പോൾ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടല്ലോ....,അതുകൊണ്ട് പാതിമുക്കാലും മലയാളി പേരുകളിൽ ഒരു കുട്ടിയും കൂടെ ഉണ്ടായിരിക്കും.ബേബി പോരാഞ്ഞിട്ട് ബേബിക്കുട്ടി,കുഞ്ഞ് കൊണ്ട് മതിവരാതെ കുഞ്ഞൂഞ്ഞ്.പോരാതെ കുഞ്ഞൂഞ്ഞ്കുട്ടി.അതുക്കും മേലെ കുട്ടി അഹമ്മദ് കുട്ടി.ഈ കുട്ടിക്കളി എവിടെച്ചെന്ന് എത്തുമെന്ന് എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല.

ഡൽഹിയിലെ മലയാള പത്രപ്രവർത്തനം ഒരു കുട്ടിക്കളിയായിരുന്നുവെന്ന് അവിടെ പ്രശസ്തരായവരുടെ പേരുകൾ ഓർത്തെടുത്താൽ മനസ്സിലാകും.ഒരുപാട് കുട്ടികൾ.അക്കൂട്ടത്തിൽ പേരിൽ കുട്ടിയില്ലാഞ്ഞിട്ടും ഒരു കുട്ടിത്തരം വേഷം അൽപകാലം അരങ്ങിൽ കെട്ടിയാടാൻ അവസരം കിട്ടി..

.....ആദ്യമാദ്യമെനിക്കുണ്ടായ വളരാനുള്ള കൗതുകം
അതു വേണ്ടിയിരുന്നില്ലെന്നു വെറുതെ തോന്നുന്നന്തിനോ
ഇച്ഛാനിച്ഛകൾ കൊണ്ടു കാര്യമെന്നന്തെന്നതോർക്കുകിൽ
പ്രകൃതിക്കുള്ള താളത്തിനൊത്തു നീങ്ങാതെ പറ്റുമോ.... എന്നു കവി പറഞ്ഞതു സത്യം.ഞാൻ ജനിച്ചപ്പോൾ തന്നെ കുട്ടിയല്ലാതെ നാഥനായി.മുതിർന്നപ്പോഴും അങ്ങിനെ തന്നെ.അതിനാൽ ഒരിക്കലും കുട്ടിക്കളിക്ക് സ്കോപ്പുണ്ടായിരുന്നില്ല.അതുകൊണ്ട് നാഥനായി തുടങ്ങി.നാഥനായി തുടർന്നു.നാഥനായി നിർത്തും.

## വള്ളം മറിഞ്ഞ് അപകടം മരിച്ചവർക്ക് അടിയന്തര സഹായവും പരുക്കേറ്റവർക്ക് സൗജന്യ ചികിത്സയും

അഴീക്കലിൽ വള്ളം മറിഞ്ഞ് ഉണ്ടായ അപകടത്തിൽ മരിച്ച ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ തറയിൽക്കടവ് സ്വദേശികളായ സുദേവൻ(53), തങ്കപ്പൻ(70), ശ്രീകുമാർ(52), സുനിദത്ത്(24) എന്നിവർക്ക് അടിയന്തര ധനസഹായമായി 10000 രൂപയും പരുക്കേറ്റ തറയിൽക്കടവ് സ്വദേശികളായ തരുൺ, അരവിന്ദൻ, അനീഷ്, റിജു, സോമൻ, ഭാനു, ബിജു, അക്ഷകുമാർ, സജീവൻ, രമണൻ, ബൈജു, സുമേഷ് എന്നിവർക്ക് 5000 രൂപയും നൽകുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ അറിയിച്ചു. മരണമടഞ്ഞവരുടെ വീട്ടിലും പരുക്കേറ്റവരെ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലുമായി കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിനൊപ്പം സന്ദർശിച്ച ശേഷമാണ് പ്രഖ്യാപനം. പരുക്കേറ്റവർക്ക് ചികിത്സ സൗജന്യമായി നൽകും. മരണമടഞ്ഞവരുടെ കുടുംബത്തിന് കൂടുതൽ ധനസഹായം നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുമെന്നും മന്ത്രിമാർ അറിയിച്ചു.

എം.എൽ.എ മാരായ പി. പി. ചിത്തരഞ്ജൻ, സി. ആർ. മഹേഷ് എന്നിവരും മന്ത്രിമാർക്കൊപ്പമുണ്ടായിരുന്നു. ഓംകാരം എന്ന വള്ളമാണ് അപകടത്തിൽപ്പെട്ടത്.



വള്ളം മറിഞ്ഞ് അപകടത്തിൽ പരുക്കേറ്റവരെ ആശുപത്രിയിലെത്തി ആശ്വസിപ്പിക്കുന്ന മന്ത്രിമാരായ സജി ചെറിയാനും പി. പ്രസാദും.

## ഫ്ളാറ്റിലെ പീഡനം: മാർട്ടിന് കർശന ഉപാധികളോടെ ജാമ്യം

കൊച്ചി: കൊച്ചിയിലെ ഫ്ളാറ്റിൽ യുവതിയെ ക്രൂരമായി പീഡിപ്പിച്ച കേസിലെ പ്രതി തൃശൂർ മുണ്ടൂർ പുലിക്കോട്ടിൽ മാർട്ടിൻ ജോസഫിന് കർശന ഉപാധികളോടെ ജാമ്യം. ഹൈക്കോടതിയാണ് ജാമ്യം അനുവദിച്ചത്.

പ്രതിക്കെതിരെ ബലാത്സംഗം, അനധികൃതമായി തടങ്കലിൽ പാർപ്പിക്കൽ, വഞ്ചന, ഭീഷണി, മാരകായുധമുപയോഗിച്ചു ദേഹോപദ്രവമേൽപിക്കൽ, തെളിവ് നശിപ്പിക്കൽ എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്.

പ്രതി ഇരയെ ലൈംഗിക താല്പര്യങ്ങൾക്കും പണം തട്ടാനുമായി യുവതിയെ അടിമയാക്കി വയ്ക്കുകയായിരുന്നു കുറ്റപത്രത്തിലെ കണ്ടെത്തൽ. ആഡംബര ജീവിതം നയിച്ചിരുന്ന പ്രതിയുടെ സാമ്പത്തിക സ്രോതസ് സംബന്ധിച്ചു വിശദമായി അന്വേണം വേണമെന്നും സെൻട്രൽ പോലീസ് എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു.

എറണാകുളം മറൈൻ ഡ്രൈവിലെ ഫ്ളാറ്റിൽ കണ്ണൂർ സ്വദേശിനിയായ 27കാരിയെ തടങ്കലിൽവച്ച് ലൈംഗികമായും ശാരീരികമായും ക്രൂരമായി പീഡിപ്പിച്ചെന്നാണ് ഇയാൾക്കെതിരേയുള്ള പരാതി. ഫെബ്രുവരി 15 മുതൽ മാർച്ച് എട്ട് വരെയുള്ള കാലയളവിലാണ് പീഡനം അരങ്ങേറിയത്.

എറണാകുളത്ത് ഫാഷൻ ഡിസൈനറായി ജോലി ചെയ്തു വരുമ്പോഴാണ് യുവതി മാർട്ടിനുമായി പരിചയത്തിലാകുന്നത്. ഇതിനിടെ, യുവതിയെ മറൈൻ ഡ്രൈവിലെ ഫ്ളാറ്റിൽ കൊണ്ടുപോയി മാർട്ടിൻ പീഡിപ്പിച്ചു. യുവതിയുടെ സ്വകാര്യ ദൃശ്യങ്ങൾ പകർത്തി.

ഒടുവിൽ മാർട്ടിൻറെ കണ്ണ് വെട്ടിച്ചു യുവതി ഫ്ളാറ്റിൽനിന്നു രക്ഷപ്പെടുകയും തുടർന്ന് എറണാകുളം സെൻട്രൽ പോലീസിൽ പരാതി നൽകുകയുമായിരുന്നു. ഇതേത്തുടർന്ന് ഒളിവിൽപ്പോയ പ്രതിയെ ജൂൺ പത്തിനു രാത്രിയോടെ തൃശൂർ മുണ്ടൂർ വന മേഖലയിൽനിന്നു നാട്ടുകാരുടെ സഹായത്തോടെയാണ് പോലീസ് പിടികൂടിയത്.

### ബിരുദ വിദ്യാർഥികൾക്ക് ക്ലാസ്;നടപടി തുടങ്ങിയെന്ന് മന്ത്രി ബിന്ദു

തിരുവനന്തപുരം: അവസാന വർഷ ബിരുദ വിദ്യാർഥികൾക്ക് ക്ലാസുകൾ തുടങ്ങാൻ നടപടി ആരംഭിച്ചെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ.ബിന്ദു. ഒക്ടോബർ നാല് മുതൽ ക്ലാസുകൾ തുടങ്ങാനാണ് ആലോചിക്കുന്നത്. ഇക്കാര്യം ചർച്ച ചെയ്യാൻ സ്ഥാപന മേധാവികളുടെ യോഗം സെപ്റ്റംബർ പത്തിന് ചേരുമെന്നും തുടർന്ന് അന്തിമ തീരുമാനമെടുക്കുമെന്നും മന്ത്രി അറിയിച്ചു. ഷിഫ്റ്റ് അടിസ്ഥാനത്തിൽ ക്ലാസുകൾ തുടങ്ങാനാണ് ആലോചിക്കുന്നത്. കോവിഡ് മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചാകും ക്ലാസുകൾ തുടങ്ങുക. ക്ലാസുകൾ ഏത് രീതിയിൽ വേണമെന്ന് സ്ഥാപന മേധാവികൾക്ക് തീരുമാനിക്കാം.

ക്ലാസുകൾ തുടങ്ങുന്നതിന് മുൻപ് വിദ്യാർഥികൾക്കും അധ്യാപകർക്കും വാക്സിനേഷൻ പൂർത്തിയാക്കാൻ സാധ്യതകൾ പരിശോധിക്കുമെന്നും ആർ.ബിന്ദു വ്യക്തമാക്കി.

## അച്ചടക്കലംഘനമെന്ന് വിലയിരുത്തൽ; ഹരിത പിരിച്ചുവിട്ട് ലീഗ്

മലപ്പുറം: എംഎസ്എഫ് നേതാക്കൾക്കെതിരേ ആരോപണം ഉന്നയിച്ച വനിതാ നേതാക്കളുടെ സംഘടന ഹരിത മുസ്ലിം ലീഗ് പിരിച്ചുവിട്ടു. ഇന്ന് ചേർന്ന ലീഗ് ഉന്നതാധികാര സമിതിയാണ് തീരുമാനമെടുത്തത്. എംഎസ്എഫ് നേതാക്കളിൽ നിന്നും ലൈംഗികാതിക്ഷേപം നേരിട്ട ഹരിത നേതാക്കൾ നേരത്തെ പാർട്ടി നേതൃത്വത്തിനും വനിതാ കമ്മീഷനും പരാതി നൽകിയിരുന്നു. കമ്മീഷന് നൽകിയ പരാതി പിൻവലിക്കാത്തതിനെ തുടർന്നാണ് നടപടി.

ഹരിത തുടർച്ചയായ അച്ചടക്കലംഘനം നടത്തിയെന്ന് പി.എം.എ.സലാം പ്രതികരിച്ചു. നിലവിലെ കമ്മിറ്റി കാലാവധി പൂർത്തിയാക്കിയെന്നും പുതിയ കമ്മിറ്റി ഉടൻ രൂപീകരിക്കുമെന്നും ലീഗ് നേതൃത്വം വ്യക്തമാക്കി.

കോഴിക്കോട്ട് ജൂൺ 22ന് നടന്ന എംഎസ്എഫ് സംസ്ഥാന സമിതി യോഗത്തിനിടെ നേതാക്കളായ പി.കെ.നവാസും വി.അബ്ദുൾ വഹാബും നടത്തിയ ലൈംഗികാധിക്ഷേപം ചൂണ്ടിക്കാട്ടിയാണ് ഹരിതയിലെ നേതാക്കൾ പരാതി നൽകിയിരുന്നത്. വിഷയത്തിൽ ആദ്യം പാർട്ടിക്ക് പരാതി നൽകിയെങ്കിലും നടപടിയുണ്ടാകാത്തതിനെ തുടർന്നാണ് വനിതാ കമ്മീഷനെ നേതാക്കൾ സമീപിച്ചത്.

പരാതി പിൻവലിക്കാൻ ലീഗ് നേതൃത്വം സമ്മർദ്ദം ചെലുത്തിയെങ്കിലും വനിതാ നേതാക്കൾ വഴങ്ങിയില്ല. നിരവധി തവണ അനുരഞ്ജന ചർച്ച നടന്നെങ്കിലും പരാതിയുമായി മുന്നോട്ടുപോകാൻ വനിതാ നേതാക്കൾ തീരുമാനിക്കുകയായിരുന്നു. തുടർന്നാണ് അച്ചടക്ക നടപടിയുണ്ടായത്.

## പിരിച്ചുവിട്ടതിന് എതിരെ ഹരിത കോടതിയിലേക്ക്

കോഴിക്കോട്: പിരിച്ചുവിട്ടതിന് എതിരെ കോടതിയെ സമീപിക്കാനൊരുങ്ങി ഹരിത നേതാക്കൾ. നീതി കിട്ടാൻ ഏതറ്റം വരെയും പോകുമെന്ന് ഹരിത നേതാക്കൾ പറഞ്ഞു. ഇന്ന് ചേർന്ന ലീഗ് ഉന്നതാധികാര സമിതിയാണ് ഹരിതയെ പിരിച്ചുവിട്ടത്.

എംഎസ്എഫ് നേതാക്കളിൽ നിന്നും ലൈംഗികാതിക്ഷേപം നേരിട്ട ഹരിത നേതാക്കൾ നേരത്തെ പാർട്ടി നേതൃത്വത്തിനും വനിതാ കമ്മീഷനും പരാതി നൽകിയിരുന്നു. കമ്മീഷന് നൽകിയ പരാതി പിൻവലിക്കാത്തതിനെ തുടർന്നാണ് നടപടി.

ഹരിത തുടർച്ചയായ അച്ചടക്കലംഘനം നടത്തിയെന്ന് പി.എം.എ. സലാം പ്രതികരിച്ചു. നിലവിലെ കമ്മിറ്റി കാലാവധി പൂർത്തിയാക്കിയെന്നും പുതിയ കമ്മിറ്റി ഉടൻ രൂപീകരിക്കുമെന്നും ലീഗ് നേതൃത്വം വ്യക്തമാക്കി.

കോഴിക്കോട്ട് ജൂൺ 22ന് നടന്ന എംഎസ്എഫ് സംസ്ഥാന സമിതി യോഗത്തിനിടെ നേതാക്കളായ പി.കെ.നവാസും വി.അബ്ദുൾ വഹാബും നടത്തിയ ലൈംഗികാധിക്ഷേപം ചൂണ്ടിക്കാട്ടിയാണ് ഹരിതയിലെ നേതാക്കൾ പരാതി നൽകിയിരുന്നത്. വിഷയത്തിൽ ആദ്യം പാർട്ടിക്ക് പരാതി നൽകിയെങ്കിലും നടപടിയുണ്ടാകാത്തതിനെ തുടർന്നാണ് വനിതാ കമ്മീഷനെ നേതാക്കൾ സമീപിച്ചത്.

പരാതി പിൻവലിക്കാൻ ലീഗ് നേതൃത്വം സമ്മർദ്ദം ചെലുത്തിയെങ്കിലും വനിതാ നേതാക്കൾ വഴങ്ങിയില്ല. നിരവധി തവണ അനുരഞ്ജന ചർച്ച നടന്നെങ്കിലും പരാതിയുമായി മുന്നോട്ടുപോകാൻ വനിതാ നേതാക്കൾ തീരുമാനിക്കുകയായിരുന്നു. തുടർന്നാണ് അച്ചടക്ക നടപടിയുണ്ടായത്.

# പൊതുജനപങ്കാളിത്തം ഇന്ത്യയുടെ ദേശീയ സ്വഭാവഗുണമായി മാറുന്നു: പ്രധാനമന്ത്രി



ന്യൂഡൽഹി, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ശിക്ഷക് പർവിന്റെ ഉദ്ഘാടന സമ്മേളനത്തെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്തു. ഇന്ത്യൻ ആംഗ്യഭാഷാ നിഘണ്ടു (യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗിന് അനുസൃതമായി ശ്രവണ വൈകല്യമുള്ളവർക്കുള്ള ഓഡിയോയും എഴുത്തും ഉൾപ്പെടുത്തിയ ആംഗ്യഭാഷാ വീഡിയോ), സംസാരിക്കുന്ന പുസ്തകങ്ങൾ (കാഴ്ചവൈകല്യമുള്ളവർക്കുള്ള ഓഡിയോ ബുക്കുകൾ), സിബിഎസ്ഇ സ്കൂൾ നിലവാര ഉറപ്പ് നൽകൽമൂല്യനിർണയ ചട്ടക്കൂട്, നിപുൺ ഭാരതിനായുള്ള നിഷ്ഠ അധ്യാപകരുടെ പരിശീലന പരിപാടി, വിദ്യാഞ്ജലി പോർട്ടൽ (സ്കൂൾ വികസനത്തിനായി വിദ്യാഭ്യാസ സന്നദ്ധപ്രവർത്തകർ/ദാതാക്കൾ/സിഎസ്ആർ നിക്ഷേപകർ എന്നിവർക്കു സൗകര്യപ്രദമാകുന്നതിന്) എന്നിവയ്ക്കും അദ്ദേഹം തുടക്കം കുറിച്ചു.

സമ്മേളനത്തെ അഭിസംബോധന ചെയ്യവെ, ദേശീയ പുരസ്കാരം ലഭിച്ച അധ്യാപകരെ പ്രധാനമന്ത്രി അഭിനന്ദിച്ചു. വിഷമഘട്ടങ്ങളിൽ രാജ്യത്തെ വിദ്യാർത്ഥികളുടെ ഭാവിക്കായി അധ്യാപകർ നൽകിയ സംഭാവനകളെ അദ്ദേഹം ശ്ലാഘിച്ചു. ശിക്ഷക് പർവ്വിടനുബന്ധിച്ച്, നിരവധി പുതിയ പദ്ധതികൾക്ക് ഇന്നു തുടക്കം കുറിച്ചതായും അദ്ദേഹം പറഞ്ഞു. അതെല്ലാം വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. എന്തെന്നാൽ, രാജ്യം ഇപ്പോൾ ആസാദി കാ അമൃത് മഹോത്സവം ആഘോഷിക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെ 100 വർഷങ്ങൾക്കുശേഷം ഇന്ത്യ എങ്ങനെയായിരിക്കും എന്നതിനെക്കുറിച്ച് പുതിയ തീരുമാനങ്ങൾ എടുക്കുന്നു. വെല്ലുവിളികളുയർത്തിയ മഹാമാരിക്കാലത്ത് ഉചിതമായ രീതിയിൽ പ്രവർത്തിച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും മുഴുവൻ വിദ്യാഭ്യാസ സമൂഹത്തെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. ആ വിഷമഘട്ടത്തെ നേരിടാൻ വികസിപ്പിച്ച കഴിവുകൾ മുന്നോട്ടുകൊണ്ടുപോകാനും അദ്ദേഹം ആവശ്യപ്പെട്ടു. "നാം ഒരു പരിവർത്തന കാലഘട്ടത്തിലാണ്. ഭാഗ്യവശാൽ, ആധുനികവും ഭാവി കണക്കിലെടുത്തുമുള്ള പുതിയ ദേശീയ വിദ്യാഭ്യാസ നയവും നമുക്കുണ്ട്", അദ്ദേഹം പറഞ്ഞു.

ദേശീയ വിദ്യാഭ്യാസ നയ രൂപവൽക്കരണത്തിന്റെയും നടപ്പാക്കലിന്റെയും ഓരോ തലത്തിലും വിദ്യാഭ്യാസ വിചക്ഷണർ, വിദഗ്ധർ, അധ്യാപകർ എന്നിവർ നൽകിയ സംഭാവനകളെ പ്രധാനമന്ത്രി പ്രശംസിച്ചു. ഈ പങ്കാളിത്തം പുതിയ തലത്തിലേക്കു കൊണ്ടുപോകാനും സമൂഹത്തെ അതിൽ ഉൾപ്പെടുത്താനും അദ്ദേഹം എല്ലാവരോടും അഭ്യർത്ഥിച്ചു. വിദ്യാഭ്യാസ മേഖലയിലെ പുതിയ മാറ്റങ്ങൾ നയാധിഷ്ഠിതം മാത്രമല്ല, പങ്കാളിത്ത അടിസ്ഥാനത്തിലുള്ളതു കൂടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'എല്ലാവരുടെയും പിന്തുണ, എല്ലാവരുടെയും വികസനം, എല്ലാവരുടെയും വിശ്വാസം' എന്നിവയ്ക്കൊപ്പം 'എല്ലാവരുടെയും പരിശ്രമം' എന്ന രാജ്യത്തിന്റെ ദൃഢനിശ്ചയത്തിനായുള്ള വേദി പോലെയാണ് 'വിദ്യാഞ്ജലി 2.0' എന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ സമൂഹത്തിൽ, നമ്മുടെ സ്വകാര്യമേഖല മുന്നോട്ടുവന്ന് ഗവൺമെന്റ് സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സംഭാവന നൽകണം.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി പൊതുജന പങ്കാളിത്തം വീണ്ടും ഇന്ത്യയുടെ ദേശീയ സ്വഭാവഗുണമായി മാറുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ ആറേഴു വർഷമായി, കരുത്തുറ്റ പൊതുജന പങ്കാളിത്തത്താൽ, സങ്കൽപ്പിക്കാൻ പോലും പ്രയാസമുള്ള നിരവധി കാര്യങ്ങൾ ഇന്ത്യയിൽ നടപ്പാക്കി. സമൂഹം ഒന്നിച്ച് എന്തെങ്കിലും ചെയ്യുമ്പോൾ, തക്കതായ ഫലം ഉറപ്പാണ്, അദ്ദേഹം പറഞ്ഞു. ജീവിതത്തിന്റെ ഏത് മേഖലയിലുമാകട്ടെ, യുവാക്കളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ എല്ലാവർക്കും പങ്കുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. അടുത്തിടെ സമാപിച്ച ഒളിമ്പിക്സ് പാരാലിമ്പിക്സുകളിൽ നമ്മുടെ കായികതാരങ്ങളുടെ മികച്ച പ്രകടനത്തെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. ആസാദി കാ അമൃത് മഹോത്സവ വേളയിൽ ഓരോ കളിക്കാരനും കുറഞ്ഞത് 75 സ്കൂളെങ്കിലും സന്ദർശിക്കണമെന്ന തന്റെ അഭ്യർത്ഥന കായികതാരങ്ങൾ അംഗീകരിച്ചതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. ഇത് വിദ്യാർത്ഥികൾക്ക് പ്രചോദനമാകുമെന്നും കഴിവുള്ള നിരവധി വിദ്യാർത്ഥികൾക്ക് കായിക മേഖലയിൽ മുന്നോട്ട് പോകാൻ പ്രോത്സാഹനം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസം ഉൾപ്പെടുത്തൽ മാത്രമല്ല ഏതൊരു രാജ്യത്തിന്റെയും പുരോഗതിക്ക് ആവശ്യം, അതു തുല്യമായിരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. നാഷണൽ ഡിജിറ്റൽ ആർക്കിടെക്ചർ, അതായത് എൻഡിയർ, വിദ്യാഭ്യാസത്തിലെ അസമത്വം ഇല്ലാതാക്കാനും ആധുനികവൽക്കരണത്തിലും സുപ്രധാന പങ്കുവഹിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബാങ്കിംഗ് മേഖലയിൽ യുപിഐ സംവിധാനം വിപ്ലവം സൃഷ്ടിച്ചതുപോലെ വിവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കിടയിൽ ഒരു 'സൂപ്പർകണക്റ്റ്' ആയി എൻഡിയർ പ്രവർത്തിക്കും. സംസാരിക്കുന്ന പുസ്തകങ്ങളും ഓഡിയോബുക്കുകളും പോലുള്ള സാങ്കേതികവിദ്യയെ രാജ്യം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പാഠ്യപദ്ധതി, അധ്യയനം, വിലയിരുത്തൽ, അടിസ്ഥാന സൗകര്യം, ഉൾപ്പെടുത്തിയ പരിശീലനങ്ങൾ, ഭരണനിർവഹണം തുടങ്ങിയ മാനദണ്ഡങ്ങൾക്കുള്ള പൊതുവായ ശാസ്ത്രീയ ചട്ടക്കൂടിന്റെ അഭാവം, ഇന്ന് പ്രവർത്തനക്ഷമമാക്കിയ സ്കൂൾ ഗുണനിലവാര മൂല്യനിർണ്ണയ ഉറപ്പു നൽകൽ ചട്ടക്കൂട് (എസ്ക്യൂഎഎഎഫ്) കണക്കിലെടുക്കും. ഈ അസമത്വം പരിഹരിക്കാൻ എസ്ക്യൂഎഎഎഫ് സഹായിക്കും.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ അധ്യാപകർ പുതിയ സംവിധാനങ്ങളെയും സാങ്കേതികതകളെയും കുറിച്ചു വേഗത്തിൽ പഠിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'നിഷ്ഠ' പരിശീലന പരിപാടികളിലൂടെ ഈ മാറ്റങ്ങൾക്കു രാജ്യം അധ്യാപകരെ സജ്ജമാക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു.

ഇന്ത്യയിലെ അധ്യാപകർ ആഗോള നിലവാരം പുലർത്തുക മാത്രമല്ല, അവർക്കു സവിശേഷമായ മൂലധനവും ഉണ്ടെന്നു പ്രധാനമന്ത്രി പറഞ്ഞു. ഈ സവിശേഷ മൂലധനം, ഈ സവിശേഷ ശക്തി അവരുടെ ഉള്ളിലുള്ള ഇന്ത്യൻ സംസ്കാരമാണ്. നമ്മുടെ അദ്ധ്യാപകർ അവരുടെ ജോലിയെ തൊഴിലായി മാത്രമല്ല കണക്കാക്കുന്നത്. സഹജീവിസ്നേഹം, പരിശുദ്ധമായ ധാർമിക കർത്തവ്യം എന്നിവയാൽ അടയാളപ്പെടുത്തിയതാണ് അവരുടെ അധ്യയനമെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ടാണ് അധ്യാപകനും വിദ്യാർഥികളും തമ്മിലുള്ളത് തൊഴിൽപരമായ ബന്ധത്തിനുപരിയായി കുടുംബബന്ധമായി മാറുന്നത്. ഈ ബന്ധം ജീവിതകാലത്തേയ്ക്കു മുഴുവനുള്ളതാണെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.



സർക്കാർ അതിഥി മന്ദിരത്തിൽ നിന്ന് അടുത്തിടെ വിവാഹിതയായി വെള്ളിമണിൽ ഭർതൃഗൃഹത്തിൽ താമസമാക്കിയ ഷക്കീലയെ ജില്ലാ കലക്ടർ സന്ദർശിക്കുന്നു

# സഹകരണ മേഖലയിൽ സമഗ്രമായ നിയമ പരിഷ്കരണം നടത്തും

തിരുവനന്തപുരം: കരുവന്നൂർ ബാങ്കിൽ നടന്ന തട്ടപ്പിന് സമാനമായ സംഭവങ്ങൾ ചെറിയ തോതിൽ മറ്റ് ചിലയിടങ്ങളിലും നടന്നിട്ടുണ്ടെന്ന് സഹകരണ മന്ത്രി വി എൻ വാസവൻ. ഇത്തരം ക്രമക്കേടുകൾ കണ്ടെത്തി ശക്തമായ നടപടികൾ സ്വീകരിക്കാൻ വേണ്ടിയാണ് സർക്കാർ സമഗ്ര നിയമ ഭേദഗതിക്ക് തയ്യാറാകുന്നത്. നിലിവിലെ നിയമത്തിലെ പരിമിതികൾ ഒഴിവാക്കി അർഹമായ ശിക്ഷ ലഭിക്കുന്ന തരത്തിൽ നിയമ പരിഷ്കരണം നടത്തുമെന്നും മന്ത്രി പറഞ്ഞു. എൻജിഒയൂണിയനും കെജിഒഎയും സംയുക്തമായി സംഘടിപ്പിച്ച സഹകരണ മേഖല വെല്ലുവിളികളും പരിഹാര മാർഗങ്ങളും എന്ന വെബിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളിൽ വ്യക്തമായ നിലപാടിൽ ഉറച്ചു നിന്ന സഹകരണ മേഖല ഇന്ന് വിവിധ തരത്തിലുള്ള വെല്ലുവിളികളെ നേരിടുന്നു. കോർപ്പറേറ്റുകളും വൻകിട സ്വകാര്യ കമ്പനികളും കേരളത്തിലെ സഹകരണ മേഖലയെ തകർക്കാൻ അവസരം കാത്തിരിക്കുകയാണ്. സാധാരണക്കാരെയും കർഷകരെയും ചൂഷണം ചെയ്യുന്ന ഇത്തരക്കാർക്ക് കേരളത്തിൽ പ്രവർത്തിക്കാൻ കഴിയാതെ പോകുന്നത് സഹകരണ മേഖല ശക്തമായി നിലകൊള്ളുന്നത് കൊണ്ടാണ്. അതുകൊണ്ടു തന്നെ സഹകരണ രംഗം തർക്കാൻ ശ്രമിക്കുന്നവർ കരുവന്നൂർ ബാങ്കിൽ നടന്ന പോലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ആയുധമാക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കാൻ എല്ലാവരും തയ്യാറാകണം. സർക്കാർ സഹകരണ മേഖലയ്ക്കെതിരായ ഏതു നീക്കവും കരുതലോടെ തടയുമെന്നും മന്ത്രി പറഞ്ഞു.

വെബിനാറിൽ സഹകരണ സെക്രട്ടറി മിനി ആന്റണി, ബിഇഎഫ്ഐ സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി കെ ടി അനിൽ കുമാർ എന്നിവർ പ്രഭാഷണം നടത്തി. കെജിഒഎ ജനറൽ സെക്രട്ടറി ഡോ. എസ് ആർ മോഹനചന്ദ്രൻ, എൻജിഒ യൂണിയൻ ജനറൽ സെക്രട്ടറി എം എ അജിത്ത് കുമാർ എന്നിവരും വെബിനാറിൽ പങ്കെടുത്തു.

# സമാന്തര ടെലിഫോൺ എക്സ്ചേഞ്ച്; തുടരന്വേഷണത്തിന് പ്രത്യേക സംഘം

കോഴിക്കോട്: സംസ്ഥാനത്തെ സമാന്തര ടെലിഫോൺ എക്സ്ചേഞ്ച് കേസുകളുടെ തുടരന്വേഷണത്തിനു പ്രത്യേക സംഘം രൂപീകരിച്ചു. തീവ്രവാദ വിരുദ്ധ സ്ക്വാഡ് (എടിഎസ് ) എസ് പി ചൈത്ര തെരേസ ജോണിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കേസിൽ തുടരന്വേഷണം നടത്തുക. ഇതുസംബന്ധിച്ച സംസ്ഥാന പൊലീസ് മേധാവിയുടെ ഉത്തരവ് കഴിഞ്ഞ ദിലവസം പുറത്തിറങ്ങി. ഇപ്പോൾ കേസ് അന്വേഷിക്കുന്ന കോഴിക്കോട് സി ബ്രാഞ്ച് അസി. കമ്മീഷണർ ടി. പി ശ്രീജിത്ത്, കൊരട്ടി സിഐ ബി കെ അരുൺ, അതിരപ്പള്ളി സിഐ ഷിജു തുടങ്ങിയവർ അടങ്ങിയ സംഘത്തെയാണ് നിയോഗിച്ചത്. അടുത്ത ദിവസം ചൈത്ര തെരേസ ജോണിന്റെ നേതൃത്വത്തിൽ കോഴിക്കോട് യോഗം ചേർന്നു കേസിന്റെ പുരോഗതി വിലയിരുത്തും.

രാജ്യത്തിന്റെ പല ഭാഗങ്ങളിലും സമാന്തര ടെലിഫോൺ എക്സ്ചേഞ്ചുകൾ കണ്ടെത്തിയിരുന്നു. രാജ്യാന്തര ബന്ധമുള്ള സംഘത്തെക്കുറിച്ച് അന്വേഷിക്കാൻ വിപുലമായ സംഘം വേണമെന്ന് അന്വേഷണോദ്യോഗസ്ഥർ ആവശ്യപ്പെട്ടിരുന്നു.

കോഴിക്കോട് മാത്രം 750 സിം കാർഡുകൾ പിടികൂടിയിട്ടുണ്ട്. കൂടാതെ പ്രതികളിൽ നിന്ന് ശേഖരിച്ച മറ്റ് ഡിജിറ്റൽ വിവരങ്ങളുമുണ്ട്. ഇവയെല്ലാം പരിശോധിക്കാൻ കൂടുതൽ ഉദ്യോഗസ്ഥർ ആവശ്യമായതിനാലാണ് പ്രത്യേകാന്വേഷണ സംഘമുണ്ടാക്കിയത്.

കഴിഞ്ഞ ദിവസം അറസ്റ്റിലായ മലയാളി മുഹമ്മദ് റസാലിനെ ചോദ്യം ചെയ്യാനായി ഒരു സംഘം ഹൈദരാബാദിലെത്തിയിട്ടുണ്ട്. സി ബ്രാഞ്ച് എസ്ഐ ഷാജി, എഎസ്ഐ രാകേഷ്, സൈബർ എക്സ്പേർട്ട് ബിജിത്ത് എന്നിവരാണ് ഹൈദരാബാദിലെത്തിയത്. കോടതി അനുമതി ലഭിച്ചാൽ ഉന്നത ഉദ്യോഗസ്ഥരും ഹൈദരാബാദിലെത്തി പ്രതിയെ ചോദ്യം ചെയ്യുമെന്ന് അന്വേഷണ സംഘം വ്യക്തമാക്കി.

# ഓക്സിലിയറി നഴ്സിംഗ് ആൻഡ് മിഡ്വൈഫ്സ് കോഴ്സ്

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സ്കൂളുകളിൽ ആരംഭിക്കുന്ന ഓക്സിലിയറി നഴ്സിംഗ് ആൻഡ് മിഡ് വേഫ്സ് കോഴ്സിന്റെ പരിശീലനത്തിന് +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായ പെൺകുട്ടികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

തൈക്കാട് ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ, തലയോലപ്പറമ്പ് ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ, പെരിങ്ങോട്ടുകുറിശി ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ, കാസർകോട് ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിലാണ് കോഴ്സ്. 130 സീറ്റുകളുണ്ട്. ഇതിൽ 65 ശതമാനം മെറിറ്റടിസ്ഥാനത്തിലും 35 ശതമാനം സംവരണാടിസ്ഥാനത്തിലും പ്രവേശനം അനുവദിക്കും. അപേക്ഷകർക്ക് 2021 ഡിസംബർ 31ന് 17 തികഞ്ഞിരിക്കുകയും 30 വയസ്സ് കവിയുകയും ചെയ്യരുത്. പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് മൂന്ന് വയസ്സും പട്ടികജാതി/പട്ടികവർഗക്കാർക്ക് അഞ്ച് വയസ്സും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കും. അപേക്ഷകർ മലയാളം എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം.

ആശാവർക്കർമാർക്ക് രണ്ട് സീറ്റും പാരാമിലിറ്ററി/ എക്സ്പാരാമിലിറ്ററി സർവീസുകാരുടെ ആശ്രിതർക്ക് ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷാഫോമും പ്രോസ്പെക്ടസും ഠഠഠ.റവസെല്യ മഹമ.ഴീ.ശി ൽ ലഭിക്കും. അപേക്ഷാഫീസ് പട്ടികജാതി പട്ടികവർഗക്കാർക്ക് 75 രൂപയും ജനറൽ വിഭാഗത്തിന് 200 രൂപയുമാണ്. പൂരിപ്പിച്ച അപേക്ഷകൾ, നിശ്ചിത അപേക്ഷാഫീസ് 02108080088 എന്ന ശീർഷകത്തിൽ ട്രഷറിയിലടച്ച രസീത് സഹിതം 14ന് വൈകുന്നേരം 5 മണിക്കകം ബന്ധപ്പെട്ട ട്രയിനിംഗ് സെന്റർ പ്രിൻസിപ്പലിന് സമർപ്പിക്കണം.

വിശദവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജില്ലാ മെഡിക്കൽ ഓഫീസ്, മേൽ സൂചിപ്പിച്ച പരിശീലനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തി ദിവസം ലഭിക്കും.

# നടുവിൽ കർട്ടൻ, പെൺകുട്ടികൾക്ക് പ്രത്യേക വഴി

കാബൂൾ: ഭീകരസംഘടനയായ താലിബാൻ അധികാരത്തിലെത്തിയ അഫ്ഗാനിസ്ഥാനിൽ കടുത്ത നിയന്ത്രണങ്ങളോടെ സ്വകാര്യ സർവകലാശാലകളിൽ അധ്യയനം തുടങ്ങി. ആൺകുട്ടികളെയും പെൺകുട്ടികളെയും കർട്ടൻ സ്ഥാപിച്ച് വേർതിരിച്ചിരിക്കുന്ന ക്ലാസ് മുറികളുടെ ചിത്രങ്ങൾ കഴിഞ്ഞ ദിവസം പുറത്തുവന്നിരുന്നു. അമാജ് ന്യൂസ് ഏജൻസിയാണ് ചിത്രങ്ങൾ പുറത്തുവിട്ടിരിക്കുന്നത്.

ക്ലാസ്മുറികളിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ച് ഇരുത്തരുത് എന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ശനിയാഴ്ച താലിബാൻ പുറപ്പെടുവിച്ചിരുന്നു. പെൺകുട്ടികൾ നിഖാബ് ധരിക്കണമെന്നും കണ്ണുകളൊഴികെ മുഖം മൂടിയിരിക്കണമെന്നും സർക്കുലറിൽ പറയുന്നു. വ്യത്യസ്ത ക്ലാസ്മുറികൾ പ്രായോഗികമല്ലെങ്കിൽ കർട്ടൻ ഉപയോഗിച്ച് ക്ലാസ്മുറികൾ രണ്ടായി തിരിക്കണം, പെൺകുട്ടികളെ പഠിപ്പിക്കാൻ അധ്യാപികമാരെ നിയോഗിക്കണം, അധ്യാപികമാർ ലഭ്യമല്ലെങ്കിൽ മുതിർന്ന അധ്യാപകരെയും നിയോഗിക്കാം.

ആൺകുട്ടികളും പെൺകുട്ടികളും പ്രത്യേകം വഴിയിലൂടെയായിരിക്കണം വിദ്യാലയങ്ങളിലേക്ക് എത്തേണ്ടത്. ആൺകുട്ടികൾ വിദ്യാലയം വിട്ടുപോയതിന് മാത്രമേ പെൺകുട്ടികൾ പുറത്തിറങ്ങാവൂ, ഓരോ സ്ഥാപനങ്ങളും വിദ്യാർത്ഥിനികളുടെ എണ്ണം അനുസരിച്ച് അധ്യാപികമാരെ നിയമിക്കണമെന്നും താലിബാന്റെ ഉത്തരവിൽ പറയുന്നു.



ആശ്രാമം മൈതാനത്ത് നടന്ന ഡ്രൈവ് ത്രൂ വാക്സിനേഷൻ പരിപാടിയിൽ നിന്ന്

## കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിച്ചു

കോവിഡ് വ്യാപനം ഉയർന്നതിനെത്തുടർന്ന് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ 37ാം വാർഡ് കണ്ടെയ്ൻമെന്റ് സോണായും അരുവിക്കര പഞ്ചായത്ത് രണ്ടാം വാർഡിൽ ലക്ഷം വീട് കോളനി, നെട്ടരച്ചിറ പ്രദേശങ്ങൾ മൈക്രോ കണ്ടെയ്ൻമെന്റ് സോണായും പ്രഖ്യാപിച്ചു. ഇവിടങ്ങളിൽ കർശന ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ പറഞ്ഞു. ഭക്ഷ്യവസ്തുക്കൾ, പലചരക്ക്, പഴങ്ങൾ, പച്ചക്കറികൾ, പാൽ ഉത്പന്നങ്ങൾ, മാംസം, മത്സ്യം, മൃഗങ്ങൾക്കുള്ള ഭക്ഷ്യ സാധനങ്ങൾ, കാലിത്തീറ്റ, കോഴിത്തീറ്റ തുടങ്ങിയവ വിൽക്കുന്ന കടകൾ, ബേക്കറികൾ എന്നിവയ്ക്കു മാത്രമേ ഈ പ്രദേശങ്ങളിൽ പ്രവർത്തനാനുമതിയുള്ളു. രാവിലെ ഏഴു മുതൽ വൈകിട്ട് ഏഴുവരെ ഇവ തുറക്കാം.

# ഓപ്പറേഷൻ മൃഗസംരക്ഷണം: വിജിലൻസ് പരിശോധന നടത്തി

തിരുവനന്തപുരം: സംസ്ഥാന വ്യാപകമായി ജില്ലാ വെറ്ററിനറി ഓഫീസുകളിലും തിരഞ്ഞെടുത്ത സർക്കാർ മൃഗാശുപത്രികളിലും വിജിലൻസ് മിന്നൽ പരിശോധന നടത്തി. വെറ്ററിനറി മരുന്നുകൾ വാങ്ങുന്നതിൽ വ്യാപക ക്രമക്കേട് നടക്കുന്നതായും ജില്ലാ വെറ്ററിനറി ഓഫീസ് വഴി വിതരണം ചെയ്യുന്ന ഫണ്ടുകൾ ദുരുപയോഗം ചെയ്യുന്നതായും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് 'ഓപ്പറേഷൻ മൃഗസംരക്ഷണം' എന്ന പേരിൽ മിന്നൽ പരിശോധന നടത്തിയത്.

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാർക്ക് നിബന്ധനകൾക്ക് വിധേയമായി സർക്കാർ അനുവദിച്ച സ്വകാര്യ പ്രാക്ടീസ് ചില ഡോക്ടർമാർ ദുരുപയോഗം ചെയ്യുന്നതായും വിവരം ലഭിച്ചിരുന്നു. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന മരുന്നുകളുടെ വിതരണം നടത്തുന്ന രജിസ്റ്ററുകൾ ചില മൃഗാശുപത്രികളിൽ കൃത്യമായി പരിപാലിക്കുന്നില്ലെന്നും ചില ആശുപത്രികളുടെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നും വിജിലൻസ് കണ്ടെത്തി. കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ നിന്നും സൗജന്യമായി നൽകിയ മരുന്നുകളിൽ ചില മരുന്നുകൾ ആശുപത്രിയുടെ രേഖകളിൽ ഇല്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

മൃഗാശുപത്രിയിലെ ഡോക്ടർമാർ പ്രവൃത്തി സമയം പുറത്തേയ്ക്ക് പോകുമ്പോൾ എഴുതി ഓഫീസിൽ സൂക്ഷിയ്ക്കേണ്ട മൂവ്മെന്റ് രജിസ്റ്റർ ചില മൃഗാശുപത്രിയിൽ പരിപാലിക്കുന്നില്ലെന്നും ഇത് പ്രവൃത്തി സമയത്ത് സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിന് വേണ്ടിയാണെന്നും വിജിലൻസിന് വിവരം ലഭിച്ചിട്ടുണ്ട്. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളെപ്പറ്റി വിശദമായ റിപ്പോർട്ട് സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുമെന്ന് വിജിലൻസ് ഡയറക്ടർ സുദേഷ് കുമാർ അറിയിച്ചു.

## കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ്2021: അപേക്ഷ ക്ഷണിച്ചു

കേരളത്തിൽ നടപ്പിലാക്കിയ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ്2021ന് അപേക്ഷ ക്ഷണിച്ചു. വൻകിട, ഇടത്തരം, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, വ്യക്തികൾ, സംഘടനകൾ/ സ്ഥാപനങ്ങൾ, ബി.ഇ.ഇ.സ്റ്റാർ റേറ്റഡ് ഉപകരണങ്ങളുടെ വില്പനക്കാർ, ആർക്കിടെക്ചറൽ/ ഗ്രീൻ ബിൽഡിംഗ് കൺസൽട്ടൻസി എന്നീ വിഭാഗങ്ങളിൽ ഓൺലൈനായി അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും www.k-er-a-l-a-en-er-gy.gov.in സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബർ 10നകം e-c-aw-ar-d-sem-c@gm-a-i-l.com ലേക്ക് അയയ്ക്കണം.

# റവന്യൂ വകുപ്പിലെ ഡിജിറ്റൽ സേവനങ്ങൾക്ക് ഇന്ന് തുടക്കം; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

റവന്യൂ വകുപ്പിലെ ഡിജിറ്റൽ സേവനങ്ങളുടെ ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 9) രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തിരുവനന്തപുരം അയ്യൻകാളി ഹാളിൽ നടക്കുന്ന ചടങ്ങിൽ റവന്യൂ മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കും.

ഇപേയ്മെന്റ് ആപ്ലിക്കേഷൻ, ഫീൽഡ്മെഷർമെന്റ് സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ മാപ്പ് എന്നിവ ഓൺലൈനായി ലഭിക്കുന്നതിനുള്ള മോഡ്യൂൾ, ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ ഓൺലൈനിൽ സമർപ്പിക്കാനുള്ള മോഡ്യൂൾ, അടിസ്ഥാന നികുതി രജിസ്റ്റർ, തണ്ടപ്പേർ അക്കൗണ്ട് എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം, വില്ലേജ് ഓഫീസുകൾക്ക് വെബ്സൈറ്റ്, റവന്യൂ ഇസർവീസ് പോർട്ടൽ നവീകരണം, ക്വിക് പേ സംവിധാനം, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ നൽകുന്നതിനുള്ള ഓൺലൈൻ മോഡ്യൂൾ എന്നിവയാണ് സജ്ജമാകുന്നതെന്ന് റവന്യൂ മന്ത്രി കെ. രാജൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വില്ലേജ് ഓഫീസുകൾ മുഖേന സ്വീകരിച്ചിരുന്ന ഭൂനികുതി മൊബൈൽഫോൺ മുഖേന അനായാസം ഒടുക്കുന്നതിനുള്ള സംവിധാനമാണ് ഇപേയ്മെന്റ് ആപ്ലിക്കേഷനിലൂടെ യാഥാർത്ഥ്യമാകുന്നത്. ഓരോവർഷവും ഒടുക്കേണ്ട ഭൂനികുതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് എസ്എംഎസ് മുഖേന അറിയിപ്പ് നൽകുന്നതിനും ഒടുക്കിയ ഭൂനികുതി രസീത് ഏത് സമയത്തും ഡൗൺലോഡ് ചെയ്യുന്നതിനും ഇതിലൂടെ സാധിക്കും. നെറ്റ് ബാങ്കിംഗ്, യുപിഐ സംവിധാനങ്ങളിലൂടെ നികുതി ഒടുക്കുന്നതിനും ആപ്ലിക്കേഷനിൽ സൗകര്യമുണ്ട്.

സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ എഫ്എംബിസ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ മാപ്പ് എന്നിവയ്ക്കുള്ള അപേക്ഷ, ഫീസ് എന്നിവ ഓൺലൈനായി സമർപ്പിക്കുന്നതിനും അനുവദിക്കുന്ന സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ മാപ്പ് എന്നിവ ഡൗൺലോഡ് ചെയ്യുന്നതിനും പുതിയ മോഡ്യൂളിലൂടെ സാധിക്കും.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി സംബന്ധിച്ച് വ്യാപക പരാതികളാണ് ലഭിക്കുന്നത്. ഇത് പരിഹരിക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. അപേക്ഷയുടെ പുരോഗതി ഓൺലൈനായി നിരീക്ഷിക്കാൻ കഴിയുന്നതിനൊപ്പം അപാകതകളും ഓൺലൈനായി പരിഹരിക്കാനാകും. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലേയും അടിസ്ഥാന നികുതി രജിസ്റ്ററുകളും തണ്ടപ്പേർ അക്കൗണ്ടുകളും ഡിജിറ്റൈസ് ചെയ്യുന്നതോടെ റീസർവ്വെ, ഭൂമി ഏറ്റെടുക്കൽ മുതലായവയുടെ വേഗത വർദ്ധിക്കുകയും കോടതി, ബാങ്കുകൾ എന്നിവയ്ക്ക് ഡേറ്റ ഉപയുക്തമാക്കുന്നതിനും കഴിയും.

പ്രാദേശിക വികസനങ്ങൾക്കുള്ള ഉപാധികളായി ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടാണ് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും വെബ്സൈറ്റ് ഒരുക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്ക് നികുതികളും വിവിധ ഫീസുകളും ഒടുക്കുന്നതിന് ഇസർവീസ് പോർട്ടൽ നവീകരിച്ച് 'ക്വിക്പേ' എന്ന സംവിധാനം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. അർബുദം, കുഷ്ഠം, ക്ഷയം എന്നീ രോഗബാധിതർക്ക് പെൻഷൻ നൽകുന്ന നിലവിലെ സംവിധാനവും ഓൺലൈനിലേക്ക് മാറ്റിയിട്ടുണ്ട്. യൂണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പാക്കുന്നതിന് കേന്ദ്ര ഇലക്ട്രോണിക്സ് വിവര സാങ്കേതികവിദ്യ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതായി മന്ത്രി പറഞ്ഞു.



തിരു:ജില്ലാ പഞ്ചായത്ത് ഇ.എം.എസ് ഹാളിൽ ജില്ലാ പഞ്ചായത്തും ജില്ലാ സാക്ഷരതാ മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന സാക്ഷരതാ ദിനാചരണ പരിപാടി ഉദ്ഘാടനം വിദ്യാഭ്യാസ വകുപ്പു മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കുന്നു

# സംസ്ഥാനത്ത് 30,196 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 30,196 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 3832, എറണാകുളം 3611, കോഴിക്കോട് 3058, തിരുവനന്തപുരം 2900, കൊല്ലം 2717, മലപ്പുറം 2580, പാലക്കാട് 2288, കോട്ടയം 2214, ആലപ്പുഴ 1645, കണ്ണൂർ 1433, ഇടുക്കി 1333, പത്തനംതിട്ട 1181, വയനാട് 894, കാസർഗോഡ് 510 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,71,295 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 17.63 ആണ്. ഇതുവരെ 3,28,41,859 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്. 794 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ വാർഡുകളിൽ പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ ഏഴിന് മുകളിലാണ്. ഈ വാർഡുകളിൽ 692 എണ്ണം നഗര പ്രദേശങ്ങളിലും 3416 എണ്ണം ഗ്രാമ പ്രദേശങ്ങളിലുമാണുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 181 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 22,001 ആയി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 190 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 28,617 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1259 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 130 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 27,579 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1646, കൊല്ലം 2077, പത്തനംതിട്ട 1191, ആലപ്പുഴ 1966, കോട്ടയം 2198, ഇടുക്കി 907, എറണാകുളം 2648, തൃശൂർ 2698, പാലക്കാട് 2267, മലപ്പുറം 3019, കോഴിക്കോട് 3265, വയനാട് 1222, കണ്ണൂർ 2003, കാസർഗോഡ് 472 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 2,39,480 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 40,21,456 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 6,08,228 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 5,75,411 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 32,817 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2587 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

# തിരുവനന്തപുരം നഗരത്തിലെ അനധികൃത വാഹന പാർക്കിങ് നിയന്ത്രിക്കും

തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് സർവീസുകൾ നിലവിലില്ലാത്ത വിവിധ റോഡുകളിലൂടെ കെഎസ്ആർടിസി സിറ്റി സർക്കുലർ സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതായും ഇത് സുഗമമാക്കുന്നതിന് തടസ്സമാവുന്ന വാഹനങ്ങളുടെ അനധികൃത പാർക്കിങ്ങ് കർശനമായി നിയന്ത്രിക്കുമെന്നും ഗതാഗത മന്ത്രി ആന്റണി രാജു അറിയിച്ചു. മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന ഉന്നതതലയോഗത്തിലാണ് തീരുമാനം.

ഏഴ് റൂട്ടുകളിലാണ് കെഎസ്ആർടിസി ആദ്യം സിറ്റി സർക്കുലർ സർവീസ് ആരംഭിക്കുന്നത്. വിവിധ നിറങ്ങളിൽ അടയാളപ്പെടുത്തിയിട്ടുള്ള ബസുകൾ സർക്കുലറായി ക്ലോക്ക് വൈസ് ആയും ആന്റി ക്ലോക്ക് വൈസ് ആയും സർവീസ് നടത്തും. നിശ്ചിത തുക നൽകി പാസ് എടുക്കുന്നവർക്ക് 24 മണിക്കൂർ സിറ്റി സർക്കുലർ ബസിൽ സഞ്ചരിക്കാം. ഇരു ഭാഗത്തുനിന്നും വരുന്ന ബസുകൾ സംഗമിക്കുന്ന സ്ഥലങ്ങളിൽ വാഹന പാർക്കിങ് മൂലം ട്രാഫിക് ബ്ലോക്കിന് സാധ്യതയുള്ളതിനാൽ അനധികൃത പാർക്കിങ് കർശനമായി തടയണമെന്ന് യോഗം തീരുമാനിച്ചു. അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്ന നടപടി ഊർജിതമാക്കുമെന്ന് ട്രാഫിക് പോലീസ് യോഗത്തിൽ ഉറപ്പു നൽകി. പൊതു ജനങ്ങളുടെ യാത്രാ സൗകര്യം വർദ്ധിപ്പിക്കുകയും യാത്രക്കാർക്ക് വളരെയേറെ പ്രയോജനം ചെയ്യുന്നതുമായ പദ്ധതിക്ക് പൊതുജനങ്ങൾ എല്ലാ വിധ സഹകരണവും നൽകണമെന്ന് ഗതാഗത മന്ത്രി ആന്റണി രാജു അഭ്യർത്ഥിച്ചു. നഗരസഭാ അങ്കണത്തിലുള്ള മൾട്ടി ലെവൽ പാർക്കിങ് സംവിധാനം അടിയന്തരമായി പ്രവർത്തനക്ഷമമാക്കുമെന്നും നഗരത്തിൽ കൂടുതൽ പാർക്കിങ് സൗകര്യം ഒരുക്കുമെന്നും നഗരസഭ ഉറപ്പു നൽകി.

ഗതാഗത വകുപ്പു സെക്രട്ടറി ബിജു പ്രഭാകർ, തിരുവനന്തപുരം സബ് കളക്ടർ എം.എസ്.മാധവിക്കുട്ടി, തിരുവനന്തപുരം നഗരസഭ, പോലീസ്, പൊതുമരാമത്ത്, റോഡ് സേഫ്റ്റി അതോറിറ്റി വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

## കെമിസ്ട്രി ഗസ്റ്റ് അധ്യാപക കൂടിക്കാഴ്ച 10ന്

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ നിലവിലുള്ള ഒരു ഒഴിവിലേക്കറ് ഗസ്റ്റ് അദ്ധ്യാപക നിയമനത്തിന് സെപ്തംബർ 10ന് രാവിലെ 10.30ന് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ കൂടിക്കാഴ്ച നടക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ, ബയോഡേറ്റ സഹിതം നേരിട്ടെത്തണം.

# ഭവന പുനരുദ്ധാരണ പദ്ധതി

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ, വിവാഹ ബന്ധം വേർപ്പെട്ടവർ, ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്ക് ഇമ്പിച്ചി ബാവ ഭവന നിർമാണ പദ്ധതിയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. ശരിയായ ജനലുകൾ, വാതിലുകൾ, മേൽക്കൂര, ഫ്ളോറിംങ്, ഫിനിഷിംങ്, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം. ഒരു വീടിന്റെ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/ പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ. കുടുംബത്തിന് മുൻഗണന. അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ ഫോം മുഖേനയാണ് അപേക്ഷിക്കേണ്ടത്. 202122 സാമ്പത്തിക വർഷം ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സ്ഥിര താമസ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖേനയോ നൽകണം. അപേക്ഷാ ഫോം ഠഠഠ.ാശിീൃശ്യേംലഹളമൃല.സലൃമഹമ.ഴീ.ശി ൽ ലഭിക്കും. അപേക്ഷകൾ ജില്ലാ കളക്ടറേറ്റിൽ സെപ്റ്റംബർ 30 വരെ സ്വീകരിക്കും.

# ക്ഷയരോഗ ബാധിതരെ കണ്ടെത്താൻ അക്ഷയ കേരളം കാമ്പയിൻ വീണ്ടും

ക്ഷയരോഗികളെ കണ്ടെത്താനായി എന്റെ ക്ഷയരോഗമുക്ത കേരളം പദ്ധതിയുടെ ഭാഗമായി അക്ഷയ കേരളം കാമ്പയിൻ വീണ്ടും ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. നവംബർ ഒന്നുവരെ നീണ്ടുനിൽക്കുന്ന കാമ്പയിനിൽ വിപുലമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ക്ഷയരോഗം കണ്ടെത്താതെ സമൂഹത്തിൽ കഴിയുന്ന 1600 ഓളം ക്ഷയരോഗ ബാധിതരെ എങ്കിലും അടുത്ത രണ്ടു മാസത്തിനുള്ളിൽ കണ്ടെത്തി വിദഗ്ധ ചികിത്സ നൽകുകയാണ് കാമ്പയിന്റെ മുഖ്യ ലക്ഷ്യം. കോവിഡ് മഹാമാരി ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് ക്ഷയരോഗ നിർണയത്തിന്, കടുത്ത വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. എന്നാൽ അതുകൂടി മറികടക്കാനാണ് ദേശീയ ശ്രദ്ധ നേടിയ അക്ഷയ കേരളം ക്യാമ്പയിൻ വീണ്ടും ആരംഭിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

കാമ്പയിന്റെ ഭാഗമായി ക്ഷയരോഗ ബാധിതർ കൂടുതലായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങൾ നിരീക്ഷിക്കുകയും ഇവിടങ്ങളിലെ വീടുകളിലും ഓഫിസുകളിലും വ്യാപാര സ്ഥാപനങ്ങളിലും ക്ഷയരോഗ നിർണയ പരിശോധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുകയും ചെയ്യും. ടിബി വൾനറബിലിറ്റി ലിസ്റ്റിൽനിന്ന് ക്ഷയരോഗ സാധ്യതയുണ്ടന്ന് കണ്ടെത്തിയിട്ടുള്ള വ്യക്തികളിൽ ക്ഷയരോഗനിർണയം നടത്തും. കോവിഡ് വാക്സിനേഷൻ സെന്ററുകളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലും എത്തുന്നവർക്കും ശ്വാസകോശ സംബന്ധമായ മറ്റ് രോഗങ്ങളുള്ളവർക്കും ടിബിയുടേയും കോവിഡിന്റേയും ദ്വിദിശ സ്ക്രീനിംഗ് നടത്തും. ശ്വാസകോശത്തിൽ ക്ഷയരോഗം ബാധിച്ച രോഗികളുമായി സമ്പർക്കത്തിൽ കഴിയുന്ന 15 വയസിന് താഴെയുള്ള എല്ലാ കുട്ടികൾക്കും, മുതിർന്നവർക്കും ടെസ്റ്റ് ആൻഡ് ട്രീറ്റ് സമീപനത്തിലൂടെയുള്ള ഘട്ടംഘട്ടമായി ക്ഷയരോഗ പ്രതിരോധചികിത്സ നൽകും.

ആദിവാസി ഊരുകൾ, ജയിലുകൾ, അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, വൃദ്ധസദനങ്ങൾ കേന്ദ്രീകരിച്ചും അഗതികൾക്കും, പ്രവാസികൾക്കും, തീരപ്രദേശങ്ങളിലുള്ളവർക്കും, ക്ഷയരോഗ സംരക്ഷണ സംവിധാനങ്ങളും, തുടർസേവനങ്ങളും നൽകും. ടിബി ആരോഗ്യ സാഥി ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിന് ആരോഗ്യ പ്രവർത്തകരെയും രോഗികളെയും ചികിത്സാ സഹായകരെയും പൊതുജനങ്ങളെയും പഠിപ്പിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യും.

# മാനസ കൊലപാതകം: രഖിലിൻെറ സുഹൃത്ത് അറസ്റ്റിൽ

കണ്ണൂർ: ഡെൻറൽ മെഡിക്കൽ വിദ്യാർഥിനി മാനസയെ കൊലപ്പെടുത്തിയ കേസിൽ നിർണായക നീക്കവുമായി പോലീസ്. പെൺകുട്ടിയെ കൊലപ്പെടുത്തിയ ശേഷം ജീവനൊടുക്കിയ രഖിലിൻറെ ഉറ്റ സുഹൃത്ത് ആദിത്യനെ പോലീസ് അറസ്റ്റ് ചെയ്തു. ഇയാളെ തെളിവെടുപ്പിനായി ബിഹാറിലേക്ക് കൊണ്ടുപോയി.

മാനസയുമായുള്ള പ്രണയ ബന്ധം തകർന്നതിന് ശേഷം രഖിൽ സുഹൃത്ത് ആദിത്യനൊപ്പം ബിഹാറിലേക്ക് പോയിരുന്നു. ഇവിടുന്നാണ് പെൺകുട്ടിയെ കൊലപ്പെടുത്തിയ തോക്ക് വാങ്ങിയത്. രഖിലിൻറെ നീക്കം സംബന്ധിച്ചുള്ള വിവരം സുഹൃത്തിനും അറിയാമായിരുന്നുവെന്നാണ് പോലീസ് കണ്ടെത്തൽ. തുടർന്നാണ് ഇയാളും കേസിൽ പ്രതിയായത്. രഖിലും ആദിത്യനും ബിസിനസ് പങ്കാളികൾ കൂടിയാണ്.

നേരത്തെ രഖിലിന് തോക്ക് നൽകിയ രണ്ടു ബിഹാർ സ്വദേശികളെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. കണ്ണൂർ സ്വദേശികളാണ് മരിച്ച രഖിലും മാനസയും. കോതമംഗലത്ത് മാനസ താമസിക്കുന്ന ഫ്ളാറ്റിൽ കയറിയാണ് രഖിൽ നിറയൊഴിച്ചത്. പിന്നാലെ ഇയാൾ സ്വയം വെടിവച്ച് മരിക്കുകയായിരുന്നു.

# തടവുചാടിയ പ്രതിയെ പിടിക്കാൻ പ്രത്യേക സംഘം

തിരുവനന്തപുരം: പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും ജയിൽ ചാടിയ കൊലക്കേസ് പ്രതി ജാഹിർ ഹുസൈ(48)നെ പിടികൂടാൻ പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചു. സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാധ്യായയുടെ നിർദേശാനുസരണം പൂജപ്പുര സിഐ റോജിൻറെ നേതൃത്വത്തിലുള്ള പോലീസ് സംഘത്തെയാണ് നിയോഗിച്ചിരിക്കുന്നത്.

തൂത്തുക്കുടി സ്വദേശിയായ ജാഹിർ ഹുസൈൻ പൂജപ്പുര ജയിലിന് പുറത്തെത്തിയ ശേഷം ഓട്ടോറിക്ഷയിൽ തമ്പാനൂരിലെത്തി അവിടെ നിന്നും തമിഴ്നാട്ടിലേക്ക് കടന്നതായാണ് പോലീസ് സംശയിക്കുന്നത്. ഇയാളെ പിടികൂടാൻ സിറ്റി പോലീസ് തമിഴ്നാട് പോലീസിൻറെ സഹായം തേടി. തടവുകാരൻറെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ തമിഴ്നാട് പോലീസിന് കൈമാറി. പൂജപ്പുര പോലീസ് ഇന്ന് തമിഴ്നാട് തൂത്തുക്കുടിയിലേക്ക് തിരിക്കും.

ചൊവ്വാഴ്ച രാവിലെയാണ് ജാഹിർ ജയിലിൽ നിന്നും രക്ഷപ്പെട്ടത്. ചാലയിലെ വ്യാപാരിയെ കൊലപ്പെടുത്തിയ കേസിൽ 2017 ജൂണിൽ ഇയാളെ തിരുവനന്തപുരം സെഷൻസ് കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചിരുന്നു. 2011 മുതൽ ഇയാൾ വിവിധ കേസുകളിൽ പ്രതിയായി ജയിൽവാസത്തിലായിരുന്നു.

സെൻട്രൽ ജയിലിലെ തടവുകാരുടെ വസ്ത്രങ്ങൾ കഴുകി ഉണക്കുന്ന ലോൻഡ്രി വിഭാഗത്തിലായിരുന്നു ഇയാൾ പ്രവർത്തിച്ചിരുന്നത്. ജയിൽ അധികൃതർ ഇയാളെ അമിതമായി വിശ്വസിച്ചിരുന്നതിനാൽ പ്രത്യേകം നിരീക്ഷിച്ചിരുന്നില്ല.

ഇയാൾ മുങ്ങിയതിനെ തുടർന്ന് പൂജപ്പുര പോലീസിൽ ജയിൽ അധികൃതർ പരാതി നൽകിയതോടെയാണ് നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ പോലീസ് അന്വേഷണം ആരംഭിച്ചത്. അതേസമയം സംഭവവുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന ജയിൽ ഉദ്യോഗസ്ഥൻ അമലിനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു.

## പ്യൂൺ തസ്തികയിലെ ഫലം പ്രസിദ്ധീകരിച്ചു; സർട്ടിഫിക്കറ്റ് പരിശോധന 27 മുതൽ

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്യൂൺ (കാറ്റഗറി നമ്പർ 1/2019) തസ്തികയിൽ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു. ലിസ്റ്റിന്റെ കോപ്പി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസിലും വെബ്സൈറ്റിലും പരിശോധിക്കാം. സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സെപ്റ്റംബർ 27 മുതൽ 30 വരെ തിരുവനന്തപുരത്ത കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നടത്തും. സാദ്ധ്യതാ പട്ടികയിലെ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ അതേ ക്രമത്തിലായിരിക്കും വേരിഫിക്കേഷൻ നടത്തുക. ഓരോ രജിസ്റ്റർ നമ്പറിനും നിശ്ചയിക്കപ്പെട്ട തീയതിയിലും സമയത്തും ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും സഹിതം നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തില്ല. വേരിഫിക്കേഷൻ തീയതി, സമയം, സ്ഥലം എന്നിവ സംബന്ധിച്ച സെപ്റ്റംബർ 22 വരെ അറിയിപ്പ് ലഭിക്കാത്ത സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടവർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസുമായി ബന്ധപ്പെടണം.




കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി എന്നിവർ സംയുക്തമായി നൽകിയ 'മാസ്ക് വെന്റിങ് മെഷീൻ ജില്ലാ കലക്ടർ ബി. അബ്ദുൽ നാസർ എൻ.എച്ച്. എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ദേവ് കിരണിന് കൈമാറുന്നു.

## നഴ്സിംഗ് കോഴ്സ് പ്രവേശനം

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ജനറൽ നഴ്സിംഗ് സ്കൂളുകളിൽ ആരംഭിക്കുന്ന ജനറൽ നഴ്സിംഗ് 2021 കോഴ്സ് പ്രവേശനത്തിന് വിമുക്തഭടൻമാരുടെയും പ്രതിരോധ സേനയിൽ സേവനത്തിലിരിക്കെ മരണപ്പെട്ടവരുടെയും കാണാതായവരുടെയും മക്കൾ/ ആശ്രിതരായ പെൺകുട്ടികൾക്ക് ഓരോ ജില്ലയിലും സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ശുപാർശക്കായി അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോമും, പ്രോസ്പെക്ടസും www.d-h-s.k-er-a-l-a.gov.in ൽ ലഭ്യമാണ്. അപേക്ഷ 14 നകം ലഭിക്കണം.

NAUTICAL TIMES KERALA Thiruvananthapuram RNI.Reg,No. KERBIL/2018/77391 2021 SEPTEMBER 09 THURSDAY




മൃഗശാല ഓഫീസ് സ്റ്റോർ സമുച്ചയം, ശലഭോദ്യാനം, വിദേശ പക്ഷികളുടെ പരിബന്ധനം, മൊബൈൽ ആപ്പ് എന്നിവയുടെ ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു

# ട്രെയിൻ സമയത്ത് വന്നില്ലെങ്കിൽ യാത്രക്കാരന് നഷ്ടപരിഹാരം നൽകണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ട്രെയിനുകൾ അകാരണമായി വൈകി ഓടിയാൽ യാത്രക്കാർക്ക് റെയിൽവേ നഷ്ടപരിഹാരം നൽകണമെന്നു സുപ്രീംകോടതി. റെയിൽവേ അധികൃതരുടെ നിയന്ത്രണങ്ങൾക്കു പുറത്തുള്ള കാരണങ്ങളാലോ മതിയായ ന്യായീകരണമുള്ള കാരണങ്ങളാലോ അല്ലാത്ത സന്ദർഭങ്ങളിൽ ട്രെയിനുകൾ വൈകിയാൽ യാത്രക്കാരന് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ടെന്നാണ് സുപ്രീംകോടതി വ്യക്തമാക്കിയത്. ജസ്റ്റീസുമാരായ എം.ആർ. ഷാ, അനിരുദ്ധ ബോസ് എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് വിധി പുറപ്പെടുവിച്ചത്.

സ്വകാര്യ ഗതാഗത മേഖലയിൽ ഉൾപ്പടെ ഉത്തരവാദിത്തവും മത്സരവുമുള്ള ഇക്കാലത്ത് പൊതുഗതാഗത മേഖല കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചു. രാജ്യത്ത് ഒരു യാത്രക്കാരനും റെയിൽവേ ഉൾപ്പടെ അധികൃതരുടെ കാരുണ്യത്തിന് വേണ്ടി കാത്തുനിൽക്കേണ്ട ദുരവസ്ഥ ഉണ്ടാകരുതെന്നും കോടതി വ്യക്തമാക്കി.

ജമ്മുവിലേക്കുള്ള അജ്മീർജമ്മു എക്സ്പ്രസ് നാലു മണിക്കൂർ വൈകി ഓടിയത് കാരണം ശ്രീനഗറിലേക്കുള്ള വിമാനം പിടിക്കാൻ കഴിയാതെ പോയതിൽ യാത്രക്കാരന് നഷ്ടപരിഹാരം നൽകണമെന്ന ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻറെ ഉത്തരവ് ശരിവച്ചാണ് സുപ്രീംകോടതിയുടെ സുപ്രധാന വിധിയുണ്ടായത്.

സഞ്ജയ് ശുക്ല എന്ന യാത്രക്കാരൻറെ പരാതിയിൽ രാജസ്ഥാനിലെ ആൽവാർ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ വടക്കുപടിഞ്ഞാറൻ റെയിൽവേയോട് നഷ്ടപരിഹാരം നൽകാൻ നിർദേശിച്ചിരുന്നു. പിന്നീട് ദേശീയ കമ്മീഷൻ ഇത് ശരിവയ്ക്കുകയും ചെയ്തു. എന്നാൽ വിധിക്കെതിരേ സുപ്രീംകോടതിയെ സമീപിച്ചപ്പോഴാണ് റെയിൽവേയ്ക്ക് കൂടുതൽ കുരുക്കായ വിധിയുണ്ടായത്.

അജ്മീർജമ്മു എക്സ്പ്രസിൽ ജമ്മുവിലേക്ക് പോകുന്നതിനാണ് യാത്രക്കാരൻ കുടുംബസമേതം ടിക്കറ്റ് ബുക്ക് ചെയ്തിരുന്നത്. കഴിഞ്ഞ ജൂൺ 10നായിരുന്നു യാത്ര. 17ാം തീയതി ഇതേ ട്രെയിനിൽ തിരിച്ചുള്ള യാത്രയ്ക്കും ടിക്കറ്റെടുത്തിരുന്നു.

10ാം തീയതി യാത്ര പുറപ്പെട്ട ട്രെയിൻ 11ന് രാവിലെ 8.10ന് ജമ്മുവിൽ എത്തേണ്ടതാണ്. അതനുസരിച്ച് സഞ്ജയ് ശുക്ല ജമ്മുവിൽ നിന്ന് ഉച്ചയ്ക്ക് 12നുള്ള സ്പൈസ് ജെറ്റിൽ ശ്രീനഗറിലേക്കുള്ള വിമാനത്തിൽ ടിക്കറ്റും ബുക്ക് ചെയ്തിരുന്നു.

എന്നാൽ നാലു മണിക്കൂർ വൈകി ഓടിയെത്തിയ ട്രെയിൻ ഉച്ചയ്ക്ക് 12നാണ് ഓടിയെത്തിയത്. ജമ്മു റെയിൽവേ സ്റ്റേഷനിൽ നിന്ന് വിമാനത്താവളത്തിലേക്ക് നല്ല ദൂരവുമുണ്ട്. അപ്പോഴേക്കും ശ്രീനഗറിലേക്കുള്ള വിമാനവും പോയിരുന്നു. പിന്നീട് ശ്രീനഗറിലേക്ക് സ്വകാര്യ ടാക്സിയിലാണ് ഇവർ യാത്ര തിരിച്ചത്.

സഞ്ജയ് ശുക്ല നൽകിയ പരാതിയിൽ ആൽവാർ ജില്ല ഉപഭോക്തൃ തർക്കപരിഹാര സമിതി 25,000 രൂപ നഷ്ടപരിഹാരമായും 5000 രൂപ വീതം ഇവർ നേരിട്ട മാനസിക ക്ലേശത്തിന് പരിഹാരമായും അതിന് പുറമേ വ്യവഹാര ചെലവും ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് ഉത്തരവിട്ടു.

കൂടാതെ ദാൽ തടാകത്തിൽ ഒരു ഹൗസ് ബോട്ടും ഇവർ മുൻകൂട്ടി ബുക്ക് ചെയ്തിരുന്നു. ഇതിന് വാടക നൽകിയ 10,000 രൂപയും ജമ്മുവിൽ നിന്നു ശ്രീനഗറിലേക്കുള്ള ടാക്സി യാത്രയുടെ ചെലവും റെയിൽവേ നൽകണമെന്നും ഉത്തരവിട്ടു. ജില്ലാ സമിതിയുടെ ഉത്തരവ് സംസ്ഥാന സമിതിയും ശരിവച്ചു. എന്നാൽ, റെയിൽവേ ഇതിനെതിരേ ദേശീയ സമിതിയിൽ പരാതി നൽകിയെങ്കിലും അവരും ഉത്തരവ് ശരിവയ്ക്കുകയായിരുന്നു. കേസ് സുപ്രീംകോടതിയിൽ എത്തിയപ്പോൾ ട്രെയിൻ വൈകി ഓടുന്നത് റെയിൽവേയുടെ സേവനത്തിൽ ഉണ്ടാകുന്ന വീഴ്ചയല്ലെന്നാണ് അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടി വാദിച്ചത്. പക്ഷേ, നഷ്ടപരിഹാരം നൽകണമെന്ന ദേശീയ ഉപഭോക്തൃ തർക്കപരിഹാര സമിതിയുടെ ഉത്തരവിൽ കോടതിയുടെ ഇടപെടൽ വേണ്ടെന്നും സുപ്രീംകോടതി വ്യക്തമാക്കി.

# മൃഗശാലയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു

പണം കൊടുത്ത് മൃഗങ്ങളെ വാങ്ങുന്നതിന് പകരം നമ്മുടെ മൃഗശാലയിൽ കൂടുതലുള്ളവയെ കൈമാറി ഇവിടെ ഇല്ലാത്ത മൃഗങ്ങളെ കൊണ്ടുവരുന്നതിനുള്ള വലിയ പദ്ധതി ആസൂത്രണം ചെയ്യുന്നതായി മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു. മൃഗശാലാ ഓഫീസ്സ്റ്റോർ സമുച്ചയം, ശലഭോദ്യാനം, വിദേശ പക്ഷികളുടെ പരിബന്ധനം, മൊബൈൽ അപ്പ് എന്നിവയുടെ ഉദ്ഘാടനം തിരുവനന്തപുരം മ്യൂസിയം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ ജനങ്ങൾ മ്യൂസിയവും മൃഗശാലയും തുറക്കാൻ കാത്തിരിക്കുകയാണ്. കോവിഡ് 19 ന്റെ തീവ്രത കുറയുന്ന സാഹചര്യത്തിൽ മ്യൂസിയവും മൃഗശാലയും തുറന്ന് പ്രവർത്തിക്കാൻ കഴിയും. മൃഗശാലയിലെ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. മൃഗശാലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച ജീവനക്കാരെ മന്ത്രി ചടങ്ങിൽ ആദരിച്ചു.

മ്യൂസിയം മൃഗശാലവകുപ്പ് ഡയറക്ടർ അബു എസ് സ്വാഗതം പറഞ്ഞു. വി.കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിച്ചു. നന്തൻകോഡ് വാർഡ് കൗൺസിലർ ഡോ. കെ.എസ്. റീന, ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. സ്റ്റേറ്റ് ഡയറക്ടർ രഞ്ചൻ മാത്യു വർഗ്ഗീസ്, ടി.എൻ.എച്ച്.എസ്. റിസർച്ച് അസോസിയേറ്റ് കലേഷ് സദാശിവൻ, വൈൽഡ്ലൈഫ് ഫോട്ടോഗ്രാഫർ സുരേഷ് ഇളമൺ, മൃഗശാലാ സൂപ്രണ്ട് റ്റി.വി. അനിൽകുമാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# താത്ക്കാലിക ഒഴിവ്

തൃശൂർ ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ ഡ്രാഫ്റ്റ്മാൻ, ജി.ഐ.എസ് ടെക്നിഷ്യൻ താത്ക്കാലിക ഒഴിവുണ്ട്. ഡ്രാഫ്റ്റ്സ്മാൻ സിവിൽ (എൻ.ടി.സി)/ കെ.ജി.സി.ഇ (സിവിൽ)/ സിവിൽ എൻജിനിയറിങ് ഡിപ്ലോമയോ തത്തുല്യമോ ആണ് യോഗ്യത. 2021 ജനുവരി ഒന്നിന് പ്രായം 18 നും 41 നുമിടയിലായിരിക്കണം. ഒരു ഒഴിവുണ്ട്. ജി.ഐ.എസ് സർട്ടിഫിക്കറ്റ്/ കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ്വർക്കിംഗ് സർട്ടിഫിക്കറ്റ് ആണ് ജി.ഐ.എസ് ടെക്നിഷ്യൻ യോഗ്യത. ഇരു തസ്തികയിലും ക്യു ജി.ഐ.എസ് സോഫ്റ്റ് വെയറിൽ പ്രവൃത്തി പരിചയമുണ്ടാവണം.

# അഫ്ഗാനിസ്താനിലെ പരാജയം യു.എസിനേറ്റ തിരിച്ചടി ടി.പി. ശ്രീനിവാസൻ

കൊച്ചി: അഫ്ഗാനിസ്താനിൽനിന്നു സൈന്യത്തെ പിൻവലിക്കാനുള്ള തീരുമാനത്തിൽ യു.എസ്. വരുത്തിയ തന്ത്രപരമായ പിഴവുകൾ ആഗോളതലത്തിൽ യു.എസിന്റെ കാര്യപ്രാപ്തിയെക്കുറിച്ചുള്ള ധാരണ മാറ്റിയിട്ടുണ്ടെന്ന് മുൻ ഇന്ത്യൻ സ്ഥാനപതി ടി.പി. ശ്രീനിവാസൻ. 'അഫ്ഗാനിസ്താനിൽനിന്നുള്ള യു.എസ്. പിന്മാറ്റം : പ്രത്യാഘാതങ്ങളും മുമ്പിലുള്ള വഴികളും' എന്ന വിഷയത്തിൽ സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് (സി.പി.പി.ആർ.) കൊച്ചി സംഘടിപ്പിച്ച വെബിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

20 വർഷമായി യു.എസ്. വളരെ ഉയർന്ന ചെലവിൽ അഫ്ഗാനിസ്താനിൽ സമാധാനം നിലനിർത്തി. എന്നാൽ ഇന്ന് മാന്യമല്ലാത്ത പിൻവലിക്കലിലൂടെ അവർ വിമർശനങ്ങൾ ഏറ്റുവാങ്ങുന്നു. അഫ്ഗാനിസ്താനിൽ നിന്നും സൈന്യത്തെ ഒഴിപ്പിക്കാനുള്ള പ്രസിഡന്റ് ജോ ബൈഡന്റെ തീരുമാനം ശരിയായിരുന്നു. മുൻ അമേരിക്കൻ പ്രസിഡന്റുമാർ ചെയ്യാൻ ആഗ്രഹിച്ചത് അദ്ദേഹം നടപ്പിലാക്കി. എന്നാൽ ശരിയായ കാര്യം തെറ്റായ രീതിയിലാണ് അവർ ചെയ്തത്. അദ്ദേഹം ചൂണ്ടികാട്ടി.

ഇന്ത്യ താലിബാനുമായി മുൻകരുതലോടെയുള്ള സംഭാഷണം ആരംഭിച്ചിട്ടുണ്ട്. മേഖലയിലെ സമാധാനം നിലനിർത്താൻ ഉതകുന്ന രീതിയിൽ സൗമ്യമായ സംഭാഷണങ്ങൾക്ക് മറ്റു രാജ്യങ്ങളേക്കാൾ പ്രാപ്തി തങ്ങൾക്കുണ്ടെന്ന് ഇന്ത്യ മുൻപും തെളിയിച്ചിട്ടുണ്ട്. ശ്രീനിവാസൻ വ്യക്തമാക്കി.

അഫ്ഗാനിസ്താനിൽ നിലനിൽക്കുന്ന പ്രതിസന്ധി, രാഷ്ട്രീയ പ്രതിസന്ധികളിൽ മാറിക്കൊണ്ടിരിക്കുന്ന ബലതന്ത്രങ്ങൾ, ഭാവി പ്രതീക്ഷകൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കാൻ സന്നദ്ധസംഘടനകൾ, അക്കാദമിക് കേന്ദ്രങ്ങൾ, മാധ്യമങ്ങൾ എന്നിവയിലെ വിദഗ്ദരെ ഉൾപ്പെടുത്തി സി.പി.പി.ആർ സംഘടിപ്പിക്കുന്ന വെബിനാർ പരമ്പരയുടെ ഭാഗമായാണ് ചർച്ച സംഘടിപ്പിച്ചത്.

തൃശ്ശൂർ എൽത്തുരുത്ത് അലോഷ്യസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് അസിസ്റ്റന്റ് പ്രൊഫസറും സി.പി.പി.ആറിലെ ഗവേഷണ പങ്കാളിയുമായ ഡോ. ഷെല്ലി ജോണി വെബിനാർ നിയന്ത്രിച്ചു.

# കേരളത്തിന്റെ പാൽപ്പൊടി നിർമാണ ഫാക്ടറി ഒരു വർഷത്തിനകം: മന്ത്രി ജെ. ചിഞ്ചുറാണി

ഒരു വർഷത്തിനകം മലപ്പുറത്ത് കേരളത്തിന്റെ സ്വന്തം പാൽപ്പൊടി ഫാക്ടറി പ്രവർത്തനം ആരംഭിക്കുമെന്നു ക്ഷീരവികസനമൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. 53 കോടി രൂപ ചെലവഴിച്ചാണു ഫാക്ടറി സ്ഥാപിക്കുന്നത്. ഇതോടെ അധികം വരുന്ന പാൽ വിൽക്കാനാകാതെ വിഷമിക്കുന്ന ക്ഷീരകർഷകരുടെ പ്രശ്നത്തിനു പരിഹാരമാകുമെന്നും മന്ത്രി പറഞ്ഞു. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ആരംഭിക്കുന്ന ആദ്യ കിടാരി പാർക്കിന്റെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പൂർണമായും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആദ്യ കിടാരി പാർക്കാണു വലിയതുറയിൽ ആരംഭിക്കുന്നത്. 50 കിടാരികളെ വളർത്താൻ ശേഷിയുള്ള പാർക്കാണ് ഫാമിൽ നിർമിക്കുന്നത്. കേരളത്തിലെ ക്ഷീരമേഖല ശക്തിപ്പെടുത്താനുള്ള ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിൽ ഒന്നാണു കിടാരി പാർക്ക്. സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ആവശ്യമായ പശുക്കളെ സർക്കാർ ചെലവിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനാണു പദ്ധതിവഴി ലക്ഷ്യമിടുന്നതെന്നു മന്ത്രി പറഞ്ഞു.

അന്യം നിന്നുപോകുന്ന നാടൻ ഇനങ്ങളെയും അധികം പാൽതരുന്ന പുതിയ ഇനം പശുക്കളെയും ചേർത്ത് കൂടുതൽ രോഗപ്രതിരോധശേഷിയുള്ള സങ്കരയിനങ്ങളെ കേരളത്തിൽത്തന്നെ വികസിപ്പിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യും. ഇതിലൂടെ സംസ്ഥാനത്ത് അധികം പാൽ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

ഫാമിൽ പശുക്കളെ വളർത്തി ക്ഷീരകർഷകർക്ക് നൽകാനും പശുക്കൾക്ക് ആവശ്യമുള്ള പുല്ല് ഇവിടെ തന്നെ ഉല്പാദിപ്പിക്കാനുമുള്ള സംയോജിതമായി പരിപാടിയാണ് കിടാരി പാർക്കിന്റെ നിർമാണത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പറഞ്ഞു. 2022 മാർച്ചിൽ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുമെന്നും നിരവധി കുടുംബങ്ങൾക്ക് ഇതിലൂടെ തൊഴിൽ നൽകാൻ സഹായകമാകുമെന്നും മന്ത്രി പറഞ്ഞു.

പരിപാടിയിൽ കൗൺസിലർമാരായ ജെ സുധീർ, മിലാനി പെരേര, വി.എസ്. സുലോചനൻ, ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ടി.കെ. അനികുമാരി, സ്റ്റേറ്റ് ഡയറി ലാബ് ജോയിന്റ് ഡയറക്ടർ സി. സുജയ്കുമാർ, ഫാം ഹെഡ് പി.എം രാധിക തുടങ്ങിയവർ പങ്കെടുത്തു.

# ക്ഷേത്രഭൂമിയുടെ ഉടമസ്ഥാവകാശം ആരാധനാമൂർത്തിക്ക്; ആധാരത്തിൽ പൂജാരിയുടെ പേര് വേണ്ടെന്നു സുപ്രീംകോടതി

ന്യൂഡൽഹി: ക്ഷേത്രഭൂമികളുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട രേഖകളിൽ ആരാധനാമൂർത്തിയുടെ പേരു മാത്രം മതിയാകുമെന്നും പൂജാരിയുടെ പേര് ചേർക്കേണ്ട ആവശ്യമില്ലെന്നും സുപ്രീംകോടതി. പൂജ നടത്തുന്ന ആളെന്ന നിലയിൽ ആരാധനാമൂർത്തിയുടെ സ്ഥലത്തിൻറെ നടത്തിപ്പു ചുമതലമാത്രമാണ് പൂജാരിക്കുള്ളതെന്നും ജസ്റ്റീസുമാരായ ഹേമന്ത് ഗുപ്ത, എസ്. ബൊപ്പണ്ണ എന്നിവർ ഉൾപ്പെട്ട ബെഞ്ച് നിരീക്ഷിച്ചു.

ഭൂമിയുടെ ഉടമസ്ഥാവകാശം ക്ഷേത്രത്തിലെ ആരാധനാമൂർത്തിക്കു തന്നെയാണ്. ക്ഷേത്രം ജീവനക്കാരോ മാനേജരോ ആരാധന മൂർത്തിക്കു വേണ്ടി നടത്തിപ്പു ചുമതലയുള്ളവർ മാത്രമാണ്. അതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖയിൽ ഉടമയുടെ പേര് രേഖപ്പെടുത്തുന്ന കോളത്തിൽ മാനേജരുടെയോ പൂജാരിയുടെയോ പേര് ചേർക്കേണ്ട കാര്യമില്ലെന്നാണ് കോടതി വ്യക്തമാക്കിയത്.

ക്ഷേത്രഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട മധ്യപ്രദേശ് ഹൈക്കോടതി വിധിക്കെതിരേ മധ്യപ്രദേശ് സർക്കാർ നൽകിയ പരാതിയിലാണ് സുപ്രീംകോടതി ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. പൂജാരിമാർ ക്ഷേത്രസ്വത്തുക്കൾ അനധികൃതമായി വിൽപ്പന നടത്തുന്നത് തടയുന്നതിനായി മധ്യപ്രദേശ് സർക്കാർ ഉടമസ്ഥാവകാശ രേഖയിൽനിന്ന് പൂജാരിമാരുടെ പേരുകൾ നീക്കണമെന്നാവശ്യപ്പെട്ട് ഇറക്കിയ രണ്ടു സർക്കുലറുകളും ഹൈക്കോടതി റദ്ദാക്കിയിരുന്നു.

1959ലെ മധ്യപ്രദേശ് റവന്യു നിയമത്തിൻറെ അടിസ്ഥാനത്തിൽ ഇറക്കിയ സർക്കുലറുകൾ റദ്ദാക്കിയ ഹൈക്കോടതി നടപടിക്കെതിരേയാണ് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചത്. കേസിൽ, സുപ്രീംകോടതിയുടെ മുൻ ഉത്തരവുകൾ ചൂണ്ടിക്കാട്ടിയും മധ്യപ്രദേശിലെ ഭൂനിയമങ്ങളുടെ അടിസ്ഥാനത്തിലും പൂജാരിമാർക്ക് ഒരു കാരണവശാലും ക്ഷേത്രംവക ഭൂമികൾ ക്രയവിക്രയം ചെയ്യാനുള്ള അവകാശമില്ലെന്നു തന്നെയാണ് സുപ്രീംകോടതി വ്യക്തമാക്കിയിരിക്കുന്നത്.

ക്ഷേത്രം വക ഭൂമിയിൽ കൃഷി ഉൾപ്പെടെ നടത്തിപ്പ് അവകാശം പൂജാരിമാർക്കുണ്ട്. പക്ഷേ, ഭൂമി ഉടമസ്ഥാനാകാനോ വിൽപ്പന നടത്താനോ പൂജാരിക്കോ ക്ഷേത്രം മാനേജർമാർക്കോ അവകാശമില്ലെന്നാണ് വിധിയിൽ കോടതി വ്യക്തമാക്കിയിരിക്കുന്നത്

# ക്ഷയരോഗ ബാധിതരെ കണ്ടെത്താൻ അക്ഷയ കേരളം വീണ്ടും

തിരുവനന്തപുരം: സമൂഹത്തിൽ മറഞ്ഞിരിക്കുന്ന ക്ഷയരോഗികളെ കണ്ടെത്താനായി എൻറെ ക്ഷയരോഗമുക്ത കേരളം പദ്ധതിയുടെ ഭാഗമായി അക്ഷയ കേരളം കാമ്പയിൻ വീണ്ടും ആരംഭിച്ചതായി ആരോഗ്യ മന്ത്രി വീണ ജോർജ്. നവംബർ ഒന്നുവരെ നീണ്ടുനിൽക്കുന്ന അക്ഷയ കേരളം കാമ്പയിനിൽ വിപുലമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ക്ഷയരോഗം കണ്ടെത്താതെ നിലവിൽ സമൂഹത്തിൽ കഴിയുന്ന 1600 ഓളം ക്ഷയരോഗ ബാധിതരെ എങ്കിലും അടുത്ത രണ്ടു മാസത്തിനുള്ളിൽ കണ്ടെത്തി വിദഗ്ധ ചികിത്സ നൽകുകയെന്നതാണ് ഈ കാമ്പയിനിൻറെ മുഖ്യ ലക്ഷ്യം. കോവിഡ് മഹാമാരി ക്ഷയരോഗനിവാരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് ക്ഷയരോഗ നിർണയത്തിന് കടുത്ത വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. എന്നാൽ അതുകൂടി മറികടക്കാനാണ് ദേശീയ ശ്രദ്ധ നേടിയ അക്ഷയ കേരളം കാമ്പയിൻ വീണ്ടും ആരംഭിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

കാമ്പയിൻറെ ഭാഗമായി ക്ഷയരോഗ ബാധിതർ കൂടുതലായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങൾ നിരീക്ഷിക്കുകയും ആ പ്രദേശങ്ങളിലുള്ള വീടുകളിലും ഓഫീസുകളിലും വ്യാപാര സ്ഥാപനങ്ങളിലും ക്ഷയരോഗ നിർണയ പരിശോധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നതാണ്.

ടിബി വൾനറബിലിറ്റി ലിസ്റ്റിൽനിന്നും ക്ഷയരോഗ സാധ്യതയുണ്ടന്ന് കണ്ടെത്തിയിട്ടുള്ള വ്യക്തികളിൽ ക്ഷയരോഗനിർണയം നടത്തും. കോവിഡ് വാക്സിനേഷൻ സെൻററുകളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലും എത്തുന്നവർക്കും ശ്വാസകോശ സംബന്ധമായ മറ്റ് രോഗങ്ങളുള്ളവർക്കും ടിബിയുടേയും കോവിഡിൻറേയും ദ്വിദിശ സ്ക്രീനിംഗ് നടത്തും.

ശ്വാസകോശത്തിൽ ക്ഷയരോഗം ബാധിച്ച രോഗികളുമായി സമ്പർക്കത്തിൽ കഴിയുന്ന 15 വയസിന് താഴെയുള്ള എല്ലാ കുട്ടികൾക്കും, മുതിർന്നവർക്കും ടെസ്റ്റ് ആൻഡ് ട്രീറ്റ് സമീപനത്തിലൂടെയുള്ള ഘട്ടംഘട്ടമായി ക്ഷയരോഗ പ്രതിരോധചികിത്സ നൽകുന്നതാണ്.

ആദിവാസി ഊരുകൾ, ജയിലുകൾ, അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, വൃദ്ധസദനങ്ങൾ ഇവ കേന്ദ്രീകരിച്ചും, അഗതികൾക്കും, പ്രവാസികൾക്കും, തീരപ്രദേശങ്ങളിലുള്ളവർക്കും, ക്ഷയരോഗ സംരക്ഷണ സംവിധാനങ്ങളും, തുടർസേവനങ്ങളും നൽകും.

ഇതുകൂടാതെ ടിബി ആരോഗ്യ സാഥി ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിന് ആരോഗ്യ പ്രവർത്തകരെയും രോഗികളെയും, ചികിത്സാ സഹായകരെയും പൊതുജനങ്ങളെയും പഠിപ്പിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# സൈക്കോളജി അപ്രന്റിസ്

തലശേരി ഗവ.കോളേജിൽ സൈക്കോളജി അപ്രന്റിസിനെ നിയമിക്കുന്നു. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ക്ലിനിക്കൽ സൈക്കോളജി, പ്രവർത്തി പരിചയം തുടങ്ങിയവ അഭിലഷണീയം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ gov-tcol-l-e-g-e-tly@gm-a-i-l.com ലേക്ക് അയയ്ക്കണം.

# കരുവന്നൂർ ബാങ്ക് തട്ടിപ്പ്: സിബിഐ അന്വേഷണം വേണ്ടെന്ന് സർക്കാർ

തൃശൂർ: കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ സിബിഐ അന്വേഷണത്തെ തള്ളി സർക്കാർ ഹൈക്കോടതിയിൽ. ക്രൈംബ്രാഞ്ച് അന്വേഷണം ഫലപ്രദമാണ്. തട്ടിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം പുരോഗമിക്കുകയാണ്. പ്രതികൾ തയാറാക്കിയ നിരവധി വ്യാജരേഖകൾ കണ്ടെത്തിയിട്ടുണ്ട്. നൂറുകോടിയോളം രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചു.

സിപിഎം നേതാക്കളുടെ നിയന്ത്രണത്തിലുള്ള ബാങ്കിലെ തട്ടിപ്പ് സംസ്ഥാന പോലീസ് അന്വേഷിച്ചാൽ എങ്ങുമെത്തില്ലെന്ന് ആരോപിച്ച് മുൻ ജീവനക്കാരൻ നൽകിയ ഹർജിയിൽ ഹൈക്കോടതി സർക്കാരിൻറെ വിശദീകരണം തേടിയിരുന്നു.

ഈ വിശദീകരണത്തിലാണ് സർക്കാർ സിബിഐ അന്വേഷണത്തെ എതിർത്ത് കോടതിയിൽ സത്യവാങ്മൂലം നൽകിയത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.